**കേരള സർക്കാർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# ക്കുവപ്പടി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**e-mail : doekm.ksad@kerala.gov.in**

*രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം*

നം.കെ.എസ്.എ.ഇകെഎം(പി.2)126/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :03.02.2020

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:– കൂവപ്പടി ഗ്രാമപഞ്ചായത്ത്-2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.2)126/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി :02.03.2020

**<u>എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

.

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

.

എറണാകുളം ജില്ലയിലെ കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ് കെ കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.01.2020 മുതൽ 31.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷേർളി പീറ്റർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ.ഡി., സീനീയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സന്തോഷ് കുമാർ എം, ഓഡിറ്റർ (ഹ.ഗ്രേ) |

.

**(ബി) <u>നിർവ്വഹണ അധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കുഞ്ഞുമോൾ തങ്കപ്പൻ | 01/04/18 മുതൽ 31/03/19വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി മായാ കൃഷ്ണകുമാർ | 01/04/18 മുതൽ 31/03/19 വരെ |

.

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | കെ. കെ. റെജികുമാർ | 01/04/18<br>12/05/18<br>08/07/18 | 01/05/18<br>17/06/18<br>25/09/18 |
| | കെ.ജി.ശ്രീദേവി (അസിസ്റ്റന്റ് സെക്രട്ടറി, ചാർജ്) | 02/05/18 | 11/05/18 |
| | പി എസ് വിജയലക്ഷ്മി (ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറി, ചാർജ്) | 18/06/18<br>26/09/18 | 07/07/18<br>10/10/18 |
| | ഉദയ കെ | 11/10/18 | 31/03/19 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.ജി.ശ്രീദേവി | 01/04/18 | 20/06/18 |
| | (ഒഴിവ്) | 21/06/18 | 01/07/18 |
| | പി എസ് വിജയലക്ഷ്മി | 02/07/18 | 31/03/19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷഹാന സി.എ. | 01.04.18 | 31/03/19 |
| കൃഷി ഓഫീസർ | ജയ മരിയ ജോസഫ് | 01.04.18 | 31/03/19 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.വിക്ടർ ഫെർണാണ്ടസ് | 01/04/18 | 31/03/19 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ആനന്ദ് | 01/04/18 | 31/03/19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കുവപ്പടി | പ്രമീള സി പി | 01/04/18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കോടനാട് | നീന ബി | 01.04.18 | 31/03/19 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഡോ. സീന പി.സി. | 01/04/18 | 31/03/19 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സഫീറ എം.എ. | 01/04/18 | 31/03/19 |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി. സ്കൂൾ | ബീന വർഗീസ് | 01/04/18 | 31/03/19 |
| വെറ്ററിനറി സർജൻ | ഡോ. ജെസ്സി | 01/04/18 | 31/03/19 |

.

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി- അപാകതകൾ | 1-12 |
| 13 | കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി. | 1-13 |
| 14 | കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ | 1-14 |
| 15 | ലൈസൻസ് ഫീ -അപാകതകൾ | 1-15 |
| 16 | നെൽകൃഷിക്ക് കൂലിച്ചെലവ് -തുക അധികം ചെലവഴിച്ചു | 1-16 |
| 17 | സാന്ത്വനപരിചരണം - ബന്ധുസംഗമം- തുക അധികം ചെലവഴിച്ചു | 1-17 |
| 18 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ | 1-18 |
| 19 | സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ,ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത | 1-19 |
| 20 | ആസൂത്രണസമിതി ,വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തൽ | 1-20 |
| 21 | ലൈഫ് പദ്ധതി-അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-21 |
| 22 | നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല | 1-22 |
| 23 | പഞ്ചായത്തിന് പൊതുശ്മശാനം ഇല്ല | 1-23 |
| 24 | റിവോൾവിംഗ് ഫണ്ട് - ബാങ്ക് ലോൺ എടുത്തില്ല. | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-25 |
| 26 | പ്രോജക്ട് നം - 50/19-ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രോജക്ട് പരിശോധിക്കാൻ കഴിഞ്ഞില്ല | 1-26 |
| 27 | വെള്ളക്കരം കുടിശ്ശിക -പഞ്ചായത്തിന് വൻ ബാധ്യത | 1-27 |

| | | |
|---|---|---|
| 28 | ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത | 1-28 |
| 29 | തൊഴിൽ നികുതി-അപാകതകൾ | 1-29 |
| 30 | ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി | 1-30 |
| | ഭാഗം – 2 | |
| 31 | കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി. | 2-1 |
| | ഭാഗം – 3 | |
| 32 | നെൽകൃഷിക്ക് കൂലിച്ചെലവ് -തുക അധികം ചെലവഴിച്ചു | 3-1 |
| 33 | സാന്ത്വനപരിചരണം - ബന്ധുസംഗമം- തുക അധികം ചെലവഴിച്ചു | 3-2 |
| | ഭാഗം - 4 | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 35 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 42 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം.1 |
| 44 | ബാലൻസ് ഷീറ്റ് 2018-19 | അനുബന്ധം.2 |
| 45 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 25.02.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി. |
|---|---|
| 31.07.2019 | 23.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 10567336.00 |
| വരവ് | 90498442.00 |
| ആകെ | 101065778.00 |
| ചെലവ് | 75167896.00 |
| നീക്കിയിരിപ്പ് | 25897882.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 20121272 | 20121272 | 19662679 | 458593 |
| വികസന ഫണ്ട്- എസ്. സി.പി (ACR പ്രകാരം) | 0 | 9742000 | 9742000 | 8308435 | 1433565 |
| വികസന ഫണ്ട്- ടി. എസ്.പി (ACR പ്രകാരം) | 0 | 298000 | 298000 | 251394 | 46606 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1793000 | 1793000 | 1160839 | 632161 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 4275000 | 4275000 | 2944155 | 1330845 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9598000 | 9598000 | 8997616 | 600384 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 2439 | 86 | 2525 | 0 | 2525 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 31002447* | 31002447 | 31002447 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 18873 | 453428** | 472301 | 277843 | 194458 |
| TSC | | 85522 | 3033 | 88555 | 0 | 88555 |
| Janakeeya Bhavanam | | 118695 | 4209 | 122904 | 0 | 122904 |
| ICDS | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3640000 | 3640000 | 2700000 | 940000 |
| | ജില്ലാ പഞ്ചായത്ത് | 154750 | 3872750 | 4027500 | 2800000 | 1227500 |
| ബി ഫണ്ട് ( Unemployment Allowance, Widow's daughter's marriage, NREGA incentive) | | 0 | 165600 | 165600 | 165600 | 0 |
| Treasury TSB Own Fund | | 436984 | 15800166 | 16237150 | 7977452 | 8259698 |
| തനത്ഫണ്ട് (UBI OwnFund, SBI E payment, SCB KPDY) | | 9750073 | 21751047 | 31501120 | 16601675 | 14899445 |
| KURDFC Loan | | 0 | 3324069 | 3324069 | 3320208 | 3861 |

1. *MGNREGS-667469/-രൂപ Material cost, Capital works ന് ഒപ്പം ചേർത്തിരിക്കുന്നതിനാൽ 30334978/-രൂപ മാത്രമാണ് I-6 ഷെഡ്യൂളിൽചേർത്തിട്ടുള്ളത്.

2. ** RP-31 ലെ തുകയോടൊപ്പം 10099/-രൂപ പലിശ, 6400/-രൂപയുടെ Stale Cheque എന്നിവ ഉൾപ്പെട്ടിരിക്കുന്നു.

3. B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ ബാലൻസ് 3898444/- രൂപയാണ്. ഇതിൽ 2167500/-രൂപ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലും, 1438753/-രൂപ UBI യിലും, 209287/- രൂപ ട്രഷറി തനത് ഫണ്ട് അക്കൌണ്ടിലും, 122904/-രൂപ ജനകീയ ഭവനം അക്കൌണ്ടിലും ആണ് ഉള്ളത്.
സർക്കാർ ജോയിന്റ് വെഞ്ചർ അക്കൌണ്ടിൽ നിന്ന് 27-03-2018 ൽ പിൻവലിച്ചത് 07-04-2018 ൽ തിരികെ പഞ്ചായത്തിന് ലഭിച്ചു. ഈ തുക ചെലവ് ആയിട്ടാണ് ഫണ്ട് വിനിയോഗത്തിൽ കാണിച്ചിരിക്കുന്നത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| | (എണ്ണം) | | (എണ്ണം) | | ക്കിയത് (എണ്ണം) | (എണ്ണം) | പദ്ധതി കളുടെ % |
|---|---|---|---|---|---|---|---|
| 2018-19 | 185 | 97070513 | 124 | 59788121 | 51 | 10 | 67.03 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ, പേര് |
|---|---|---|
| 1 | 58/19 | തെരുവ് വിളക്ക് പരിപാലനം |
| 2 | 97/19 | ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ എസ് ഒ സർട്ടിഫിക്കേഷൻ |
| 3 | 105/19 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം |
| 4 | 113/19 | കിണർ റീചാർജിംഗ് |
| 5 | 137/19 | വനിതാ ഫെസിലിറ്റേഷൻ സെന്റർ ഉപകരണങ്ങൾ വാങ്ങൽ |
| 6 | 155/19 | എസ് സി ഫ്ലാറ്റ് നിർമ്മാണം ഭൂമി നിരപ്പാക്കൽ |
| 7 | 158/19 | കുറിച്ചിലക്കോട് 145 നം.അങ്കണവാടി മെയിന്റനൻസ് |
| 8 | 178/19 | പൈക്ക കളിസ്ഥലം പുനരുദ്ധാരണം |
| 9 | 194/19 | മൈലാച്ചാൽ പട്ടികജാതി കോളനി നവീകരണം |
| 10 | 199/19 | സ്കൂളുകൾക്ക് ടോയ്‌ലറ്റ് |

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 18873 | 453428* | 472301 | 277843 | 194458 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 30057135 | 30057135 | 30057135 | 0 |
| ആകെ | 18873 | 30510563 | 30529436 | 30334978 | 194458 |

*443329/-രൂപയോടൊപ്പം 10099/-രൂപ പലിശ, 6400/- രൂപയുടെ Stale Cheque എന്നിവ കൂടി ഉൾപ്പെട്ടിരിക്കുന്നു.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 9600 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 9851200 | 808 |
| വിധവാപെൻഷൻ | 15973200 | 1374 |
| വാർദ്ധക്യകാലപെൻഷൻ | 31504900 | 3002 |
| വികലാംഗപെൻഷൻ | 5152300 | 424 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 982000 | 96 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.2020 3.15 പി.എം. ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 51314/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചതിന്റെ ഭാഗമായി ഫയലുകളും രജിസ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1. <u>ഫ്രണ്ട് ഓഫീസ് സംവിധാനം</u>

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

2.<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

a) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിൽ ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

b) രജിസ്റ്ററുകൾ അപൂർണ്ണം

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

ലൈസൻസിന്റെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയോ, ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

c) ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് ഓർഡർ രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നില്ല. 2018- 19 ൽ 2018 ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ, 2019 ജനുവരി എന്നീ മാസങ്ങളിൽ മാത്രമാണ് മീറ്റിംഗ് നടത്തിയത്. ഓഫീസ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടാൻ ശ്രമിക്കേണ്ടതാണ്. ഓഗസ്റ്റ് 2018 മുതലുള്ള പരാതി രജിസ്റ്ററാണ് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയത്. പൊതുവെ രജിസ്റ്ററുകളുടേയും വൗച്ചറുകളുടേയും സൂക്ഷിപ്പ് തൃപ്തികരമാണെങ്കിലും എെ.എസ്.ഒ. നിലവാരത്തിൽ പ്രതീക്ഷിക്കുന്ന കൃത്യത ഫയലുകളുടെ സൂക്ഷിപ്പിൽ ഇല്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2020 | 11/ 2019, 12/2019 | 14.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2014 | 2008-09മുതൽ 2013-14വരെ | 20.03.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിന്റെ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 വസ്തു നികുതി- അപാകതകൾ

(1) വസ്തു നികുതി വരവുമായി ബന്ധപ്പെട്ട് ധനകാര്യ പത്രിക പ്രകാരമുള്ള ഡി സി ബിയും സഞ്ചയ ഡി സി ബി റിപ്പോർട്ട് പ്രകാരമുള്ള വരവും തമ്മിൽ വ്യത്യാസം കാണുന്നു.29-1-2020ാം തീയതിയിലെ 2018-19 വർഷത്തെ സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള ഡിമാന്റും 2018-19 ലെ ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റും താഴെ ചേർക്കുന്നു.

| | കെട്ടിട തരം | കുടിശ്ശിക | തൻവർഷം |
|---|---|---|---|
| ധനകാര്യ പത്രിക പ്രകാരമുള്ള | റസിഡൻഷ്യൽ | 1426675 | 3472511 |
| | നോൺറസിഡൻഷ്യൽ | 1467444 | 4322469 |
| | ആകെ | 2894119 | 7794980 |
| സഞ്ചയ റിപ്പോർട്ട് പ്രകാരമുള്ള | റസിഡൻഷ്യൽ | 1364205 | 4937815 |
| | നോൺറസിഡൻഷ്യൽ | 2813844 | 5618132 |
| | ആകെ | 4178049 | 10555947 |

സഞ്ചയ, സാംഖ്യാ കണക്കുകളിൽ വസ്തു നികുതി കണക്കിൽ വ്യത്യാസം വന്നതിന് കെട്ടിട നമ്പർ അടക്കം വിശദീകരണം നൽകേണ്ടതാണ്.

(2) 2018-19 വർഷത്തെ സാംഖ്യാ അക്കൌണ്ട് പ്രകാരം പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 455406/- രൂപ വരവായി ചേർത്തതിന്റേയും നോൺ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 580409/- രൂപ ചെലവായി കാണിച്ചിരിക്കുന്നതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

(3) പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി അടച്ചവിവരങ്ങൾ(ഡി സി ബി) ലഭ്യമാക്കേണ്ടതാണ്.

(4)പഞ്ചായത്തിൽ UA നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നികുതി അടച്ചവിവരങ്ങൾ(ഡി സി ബി) ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദികരണം ആവശ്യപ്പെട്ടുകൊണ്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു.

# 1-13 കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി.

2018-19 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുള്ള ഗ്രീൻവാലി പബ്ലിക് സ്കൂൾ, എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് തൊഴിൽ നികുതി ചട്ടം 3 പ്രകാരം നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ നിരക്കിലാണ്. ഓരോ അർദ്ധവർഷവും ജീവനക്കാരുടെ തൊഴിൽ നികുതിയായി ആകെ 11250/- രൂപ ഈടാക്കുന്നതിനു പകരം 7290/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. രണ്ട് അർദ്ധ വർഷവും കൂടി ആകെ 22500/-രൂപ ഈടാക്കുന്നതിനു ആകെ 14580/- മാത്രമാണ് ഈടാക്കിയിരിക്കുന്നത്. (റസീപ്റ്റ് നം 102843/18 തീ 2-8-18 , 7290/- രൂപ, റസീപ്റ്റ് നം 107192/19 തീ 23-2-19, 7290/- രൂപ) രണ്ട് അർദ്ധ വർഷവും കൂടി തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതിൽ ആകെ 7920/- രൂപ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

# 1-14 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപാകതകൾ

(1) കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചപ്പോൾ അംഗീകരിച്ച കെട്ടിട പ്ലാൻ പ്രകാരം താഴെ ചേർത്ത കെട്ടിടങ്ങൾക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ളതായി കാണുന്നു. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഇത്തരം കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 20% വർദ്ധന വരുത്തി നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ വർദ്ധന വരുത്താതെ നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. വസ്തു നികുതി നിർണ്ണയിച്ചതുമൂലമുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് വരുത്താതിരുന്നതിനാൽ വസ്തു നികുതിയിൽ വന്ന കുറവ് | റോഡിന്റെ വീതി |
|---|---|---|---|---|
| | | | | |

| | | | | (അടിസ്ഥാന വസ്തു നികുതിയുടെ 20%) | |
|---|---|---|---|---|---|
| 1 | 19/121 | A | 629.28 | 126 | (6 മീറ്റർ റോഡ്) |
| 2 | 6/202 | B | 638.9 | 128 | (6 m road) rate-10 |
| 3 | 7/167 | B | 740 | 148 | (8 m road ) |
| 4 | 15/51 | A | 976.72 | 195 | (7.8 m road ) |
| 5 | 13/358 | C | 7759.2 | 1552 | (8 m road ) |
| 6 | 1/321 | A | 952.48 | 190.496 | (5 m road ) |
| 7 | 12/53 | A | 828.68 | 166 | (5 m road ) |
| 8 | 12/523 | F | 1802.4 | 360 | (8.5 m road ) |
| 9 | 11/109 | A | 463.84 | 93 | (5 m road) |
| 10 | 10/265 | A | 571.52 | 114 | (8 m road) |
| 11 | 9/322 | B | 818.4 | 164 | (8 m road) |
| 12 | 9/210 | G | 47.64 | 9 | (8 m road) |
| 13 | 9/70 | A | 1816.4 | 363 | (6 m road) |
| 14 | 9/70 | B | 2425 | 485 | (6 m road) |
| 15 | 9/533 | A | 521.2 | 104 | (6 m road) |
| 16 | 9/533 | B | 521.2 | 104 | (6 m road) |
| 17 | 9/533 | C | 521.2 | 104 | (6 m road) |

(2)പഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് നിർണ്ണയവുമായി ബന്ധപ്പെട്ട തീരുമാന പ്രകാരം വാർഡ് നം 5 മുഴുവനായും പ്രഥമ മേഖലയിൽ ഉൾപെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2018-19 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെ ചേർത്ത കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപെടുത്തി 10% നികുതി ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | അടിസ്ഥാന വസ്തു നികുതി | ഇളവ് നൽകിയതിനാൽ നികുതിയിൽ വന്ന കുറവ്(അടിസ്ഥാന വസ്തു നികുതിയുടെ 10%) |
|---|---|---|---|
| 1 | 5/302-B | 407 | 41 |
| 2 | 5/380-A | 390.64 | 39 |

അപാകതയുള്ള അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കി. ഈ കെട്ടിടങ്ങളുടെ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ലൈസൻസ് ഫീ -അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ

ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല. ആയതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്തിട്ടുണ്ട്എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കേണ്ടതുമാണ്.

3. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. 2018-19 വർഷം ആകെ 553 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. മേൽ സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

4. ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി ആധികാരികപ്പെടുത്തിയിട്ടില്ല. ലിസ്റ്റ് പ്രകാരം 613 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും 2018-19 വർഷം 553 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് എന്നത് ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങൾ പോലും ലൈസൻസ് എടുത്തിട്ടില്ലയെന്ന് വ്യക്തമാകുന്നു. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രർത്തിക്കുന്നത് നിയമവിരുദ്ധവും പഞ്ചായത്തിന് വരുമാനനഷ്ടത്തിന് ഇടയാക്കുകയും ചെയ്യുന്നു. ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.സ്ഥല പരിശോധന നടത്തി വാർഡ് തിരിച്ച സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം തന്നെ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും രജിസ്റ്റർ പ്രകാരമുള്ള വരവും സാഖ്യാഅക്കൗണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതു സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റ് നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

അപാകതകൾക്കുള്ള അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല..

# 1-16 നെൽകൃഷിക്ക് കൂലിച്ചെലവ് -തുക അധികം ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S018/19 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിച്ചെലവ് |
| അടങ്കൽ | 1524040/-( 524040/-വികസന ഫണ്ട്-സാധാ, 5,00,000/-ബ്ലോക്ക് വിഹിതം, 5,00,000/- മറ്റുള്ളവ) |
| ചെലവ് | 1524440/- |
| ബിൽ നം./ ചെക്ക് നമ്പർ | 4/18-19തീയതി 28.11.18 തുക 301840/-<br>19/18-19തീയതി 13.03.19 തുക 222600/-<br>1655479തീയതി 11.02.19 തുക 500000/-<br>ഗുണഭോക്തൃവിഹിതം – 500000/- |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതിയുടെ ആകെ അടങ്കൽ 1524040/- രൂപയാണ്. എന്നാൽ 524040/-രൂപയാണ് പ്ലാൻ ഫണ്ട് വകയിരുത്തിയിരുന്നതെങ്കിലും 524440/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാൻ അനുമതിയില്ലാത്തതിനാൽ അധികം ചെലവ് വന്ന തുക 400/-രൂപ നിർവഹണോദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 1-17 സാന്ത്വനപരിചരണം - ബന്ധുസംഗമം- തുക അധികം ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S02/19 |
| പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 1040540/-(8,70000/-വികസന ഫണ്ട്-സാധാ, 170540/- തനത് ഫണ്ട്) |
| ചെലവ് | 1029174/- |
| ബിൽ നം./ചെക്ക് നം. | 1/18-19 തീയതി 06.07.18 തുക 100667/-<br>2/18-19 തീയതി 23.08.18 തുക 10054/-<br>4/18-19 തീയതി 15.11.18 തുക 99819/-<br>5/18-19 തീയതി 20.12.18 തുക 98996/-<br>6/18-19 തീയതി 26.02.19 തുക 470464/-<br>7/18-19 തീയതി 20.03.19 തുക 90000/-<br>1734221 തീയതി 21.02.19 തുക 45238/-<br>0398825 തീയതി 30.03.19 തുക 113936/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

സർക്കാർ ഉത്തരവ് നം. 3217/2015/ത.സ്വ.ഭ.വ. തിയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക നം.2.6.13 പ്രകാരം രോഗികളുടേയും കുടുംബങ്ങളുടേയും

വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് പരമാവധി 60/- രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടുതൽ തുക വേണ്ടി വരികയാണെങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മേൽ പദ്ധതിയിൽ ഭക്ഷണചെലവ് കൂടാതെ വിവിധയിനങ്ങളിലായി 6560/-രൂപ ചെലവ് വന്നതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 3560/-രൂപ നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

# 1-18 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ -അപാകതകൾ

2018-19 ൽ 35 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും സെക്രട്ടറി നടപ്പിലാക്കിയത് 23 പ്രോജക്ടുകൾ മാത്രമാണ്.താഴെ പറയുന്ന 8 പ്രോജക്ടുകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. പരിശോധിക്കാൻ കഴിയാതിരുന്ന പദ്ധതികളുടെ ചെലവ് തുക 4289303/-രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ ,പേര് | അടങ്കൽ/ ചെലവ് |
|---|---|
| 6/19-തെരുവ് നായ നിയന്ത്രണം | 200000/200000(പ്ളാൻ, പൊതുവിഭാഗം) |
| 58/19 തെരുവ് വിളക്ക് പരിപാലനം | 324500/324500(സി എഫ് സി ഗ്രാന്റ്) |
| 63/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 900000/897060(സി എഫ് സി ഗ്രാന്റ്) |
| 114/19എസ് സി കമ്മ്യൂണിറ്റി ഹാളുകൾ ,കുടിവെള്ള പദ്ധതികൾ -ഇലക്ട്രിസിറ്റി ചാർജ് | 125000/100000(എസ് സി പി ) |
| 142/19 തെരുവ് വിളക്ക് പരിപാലനം 2018 | 600000/600000(തനത് ഫണ്ട്) |
| 197/19 അങ്കണവാടി അധികവേതനം | 1425600/1425600(പ്ളാൻ പൊതുവിഭാഗം) |
| 214/19 വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക | 557728/557728(പ്ളാൻ പൊതുവിഭാഗം) |
| 139/18 പഞ്ചായത്ത് ഓഫീസിന് പ്രിന്റർ മുതലായവ | 196500/184415(സി എഫ് സി ഗ്രാന്റ്) |
| **ആകെ ചെലവ്** | 4289303/- |

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ/വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1)എെ കെ എം വിഹിതം (5/19)

അടങ്കൽ -100000/-

ചെലവ് -80000/-(ബിൽ നം 7/18 തി.17-7-18)

വിനിയോഗ സാക്ഷ്യപത്രം ,തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.

2)തടസ്സമായി നിൽകുന്ന പോസ്റ്റുകൾ മാറ്റിയിടൽ (8/19)

അടങ്കൽ - 200000

ചെലവ് -193595(തനത് ഫണ്ട് )

9-1-18 ലെ 1(10) -ാം നം കമ്മറ്റി തീരുമാനപ്രകാരമാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ചെലവ് തുകയുടെ വൗച്ചർ നമ്പർ, ചെക്ക് നമ്പർ തിയതി ലഭ്യമാക്കേണ്ടതാണ്.എത്ര പോസ്റ്റുകളാണ് മാറ്റേണ്ടതെന്നോ,പോസ്ററുകൾ പൊതു വഴിയിൽ തടസ്സമായതിനാലാണോ,വ്യക്തികളുടെ പുരയിടത്തിൽ നിന്നാണോ മാറ്റിയതെന്നും വ്യക്തമല്ല. പോസ്റ്റ് മാറ്റിയിരിക്കുന്നത് ഏതെങ്കിലും റോഡ് പണിയുമായി ബന്ധപ്പെട്ടാണോയെന്നും വിശദമാക്കേണ്ടതാണ്.

3)പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(99/19)

അടങ്കൽ - 200000

ചെലവ് - 200000

തനത് ഫണ്ട് പ്രോജക്ട്, പ്രൊസീഡിംഗ്സ് നം എ3-1212/8-3-19 പ്രകാരം തുക വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലുവയ്ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട് എങ്കിലും തുകയടച്ച ചെക്ക് നമ്പർ, വൗച്ചർ നം, വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല. തുകയടച്ചതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ 189/19 പ്രകാരവും 481802/- കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെയും പൂർത്തീകരണ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് തുക നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വിശദീകരണങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 19 ന് മറുപടി ലഭിച്ചില്ല.

# 1-19 സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് , ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

വിദ്യാഭ്യാസം, കല, സാംസ്കാരികം വർക്കിംഗ് ഗ്രൂപ്പ് 2018-19 പദ്ധതി രൂപീകരണചർച്ച (26-2-18)യിൽ ജി യു പി എസ് കാവുംപുറം, ജി യു പി എസ് എൈമുറി എന്നീ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല എന്നും, ജി എൽ പി എസ് കുവപ്പടി സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നീ അപര്യാപ്തതകൾ, ജി എൽ പി എസ് കുറിച്ചിലക്കോട് ചുറ്റുമതിൽ, സ്കൂളിന്റെ മുറ്റത്ത് വെള്ളക്കെട്ട് തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമായി പദ്ധതികൾ ആവിഷ്കരിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ഇതുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പ്രത്യേകിച്ച് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളും, ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതും

പഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കേണ്ടി വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

.

# 1-20 ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തൽ

2017-2022 വരെയുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ /09.01.2017 ഉത്തരവിലാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തന വിലയിരുത്തൽ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. എന്നാൽ ആസൂത്രണസമിതി പ്രവർത്തനം വിലയിരുത്താനായി മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്കായി ലഭിച്ചില്ല. സമിതിയുടെ പ്രവർത്തനം പദ്ധതി രൂപീകരണത്തിന് സഹായകമായിരുന്നോയെന്ന് വിലയിരുത്താനായില്ല.

വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുക, വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയുടെ പങ്കാളിത്തം ഉണ്ടായതായോ, പദ്ധതി രൂപീകരണത്തിൽ ഗുണപരമായ ഇടപെടലുകൾ ആസൂത്രണസമിതി 2018-19ൽ നടത്തിയതായോ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും രേഖപ്പെടുത്തിയിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ച് ഭേദഗതികളോടെ വീണ്ടും അംഗീകരിച്ചതായി വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്ടുകൾ തയ്യാറാക്കുക, പ്രൊജക്ടുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. 2018-19 പദ്ധതി രൂപീകരണത്തിനായി രണ്ടു തവണ (12-2-18,26-2-18)വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. ആദ്യ യോഗത്തിലെ പങ്കാളിത്തം രണ്ടാമത്തെ യോഗത്തിൽ ഉണ്ടായില്ല. നൂതനവും, പ്രായോഗികവുമായ പല നിർദ്ദേശങ്ങളും പല ഗ്രൂപ്പുകളും

മുന്നോട്ട് വെച്ചെങ്കിലും അവയൊന്നും തന്നെ പ്രോജക്ടുകൾ ആയില്ല. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് 20 പ്രോജക്ട് ആശയങ്ങൾ ചർച്ച ചെയ്തു. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത-പൊളിഞ്ഞു വീഴാറായ ചുറ്റുമതിൽ, കേടായ ഫാനുകൾ, പഴയ പ്ളംബിംഗ്, വയറിംഗ്, അങ്കണവാടികളിലെ വാട്ടർ ടാങ്ക് വൃത്തിയാക്കൽ എന്നിവ പ്രധാന വിഷയമായിരുന്നുവെങ്കിലും ഇവയിലൊന്നും തന്നെ പ്രോജക്ടുകളുണ്ടായില്ല. അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാഭ്യാസം,കലയും സംസ്കാരവും എന്ന ഗ്രൂപ്പും അടിയന്തിര പ്രധാന്യമുള്ള പല വിഷയങ്ങളും അവതരപ്പിച്ചു. അവയിൽ പ്രധാനം കാവുംപടി, ഐമുറി ജി.യു.പി.എസ്. കളുടെ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടം, സ്കൂളുകളിലെ ടോയ്ലറ്റുകളുടെ ശോചനീയാവസ്ഥ, ചുറ്റുമതിൽ, വെള്ളക്കെട്ട്, യുവജനങ്ങളുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കൽ എന്നിങ്ങനെയുള്ളവയായിരുന്നു. വനിതാ വികസനം, പൊതുഭരണം, പ്രാദേശിക സാമ്പത്തിക വികസനം, പട്ടിക ജാതി വികസനം ഇവയുടെ ചർച്ചകളും നിർദ്ദേശങ്ങളും വളരെ കാര്യമാത്രപ്രസക്തമായിരുന്നുവെങ്കിലും കാര്യമായ പരിഗണന ലഭിച്ചില്ല. ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം, വാദ്യോപകരണങ്ങൾ എന്ന നിർദേശവും പ്രായോഗികമാക്കിയില്ല.

പൊതുവെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായിരുന്നു. വികസനോന്മുഖവുമായ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്ന് ഉണ്ടായെങ്കിലും പ്രോജക്ട് രൂപീകരണത്തിൽ പരിഗണിക്കപ്പെട്ടില്ല. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്ടിൽ പോലും നടത്തിയില്ല എന്ന് കാണുന്നു .
വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക, നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നു. നിരവധി വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ നിന്നും തൊഴിൽനികുതി, ഡിആന്റ് ഒ ലൈസൻസ് എന്നിവ കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല. വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി, പദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്തൽ ഓരോ യോഗത്തിലും നടത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി, ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാനുതകുന്ന ചർച്ചകൾ ഉയർന്നുവരുന്നില്ല. വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്ന പ്രധാന അജണ്ടയിൽ നിന്നും വ്യത്യസ്തമായ ചർച്ചകളൊന്നും തന്നെ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി നടത്തിയിട്ടില്ല. ആരോഗ്യ, വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്തിട്ടുണ്ട്.

24-3-18 ൽ ചേർന്ന വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, ഗ്രാമസഭാമെമ്പർമാരും, പൊതുജനങ്ങളും, ജനപ്രതിനിധികളും അടക്കം 62 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസനസെമിനാറിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി, ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായുള്ള ഗുണപരവും, ക്രിയാത്മകവുമായ സംഭാവനകൾ നൽകുന്ന ഘടകങ്ങളായി മാറാനുള്ള നടപടികൾ

സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും, സ്റ്റാന്റിംഗ് കമ്മറ്റികൾക്കും രേഖാമൂലം നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

# 1-21 ലൈഫ് പദ്ധതി-അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല

വി ഇ ഒ, ക്ലവപ്പടി നിർവഹണം നടത്തിയ പട്ടികജാതി വിഭാഗത്തിനുള്ള ലൈഫ് പാർപ്പിട പദ്ധതിയിൽ 10 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരുന്നത്. സ്പിൽ ഓവറായി തുടരുന്ന പദ്ധതിയിൽ 6 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. പ്രോജക്ട് നം. 44/19 ന്റെ ഗുണഭോക്താവായ ശ്രീമതി.തങ്കമ്മ വേലു, വേലംപറമ്പിൽ, ചേരാനനല്ലൂർ പി ഒ (വാർഡ് നം.2) എന്ന വ്യക്തി ഭവന നിർമ്മാണത്തിനായി 20.04.2018 ൽ 40,000/-രൂപ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും (ബിൽ നം. 2/18-19 തീയതി 20.04.18) നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 29.01.2020 ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ ഗുണഭോക്താവിന് വീട് പണിയാൻ താൽപര്യമില്ലായെന്നും കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-22 നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല

പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം പന്നികൾക്കും, നായകൾക്കും ലൈസൻസ് നൽകിയ ഇനത്തിലെ ആകെ വരവ് 350/-രൂപയാണ്. എന്നാൽ വെറ്റിനറി സർജൻ നടപ്പാക്കിയ പേവിഷ നിർമാർജനം (പ്രോജക്ട് നം.29/19) എന്ന പദ്ധതി പ്രകാരം ആകെ 248 നായകൾക്ക് പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. ആയതിനാൽ നായകൾക്ക് തന്നെ 213 എണ്ണത്തിന് ലൈസൻസ് ഇല്ലായെന്ന് കാണുന്നു. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 28.09.2020 ലെ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് എടുക്കേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച് ഗ്രാമസഭയിൽ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ഉച്ചഭാഷിണി ഉപയോഗിച്ച് അനൌൺസ്മെന്റ് നടത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ പേവിഷ നിർമ്മാർജന പദ്ധതിയുടെ ഭാഗമായി കുത്തിവയ്പ്പ് നടത്തുന്ന വേളയിൽ ഇത് സംബന്ധിച്ച് അറിയിപ്പ് നൽകുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയിരിക്കെ, പഞ്ചായത്ത് നൽകുന്ന സേവനം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്ന നായ്ക്കളുടെ പോലും ലൈസൻസ് ഉറപ്പാക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഫീസിനത്തിലെ വരവ് നഷ്ടവും ഇത് മൂലം ഉണ്ടാകുന്നുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-23 പഞ്ചായത്തിന് പൊതുശ്മശാനം ഇല്ല

പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166, ഉപവകുപ്പ് (1) ലെ മൂന്നാം പട്ടികയിൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ 18-ാം ഇനമായി പൊതുശ്മശാനങ്ങൾ നിർമ്മിച്ച്, പരിപാലിക്കേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകൾക്ക് ഉണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ മതവിശ്വാസികളായ ജനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നുണ്ട്. ധാരാളം റവന്യൂ പുറമ്പോക്ക് ഭൂമി പഞ്ചായത്ത് പരിധിയിലുണ്ട്. എന്നാൽ പൊതുശ്മശാനത്തിന് സ്ഥലം കണ്ടെത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ ഭരണസമിതി നടത്തിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്തി പൊതുശ്മശാനം നിർമ്മിക്കേണ്ടതാണ്. പട്ടികജാതി ക്ഷേമം, സാമൂഹ്യനീതി, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ ശ്മശാനത്തിനായി പലതവണ നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെങ്കിലും ഇതിനായി പദ്ധതി രൂപീകരിക്കാനുള്ള ആലോചനപോലും ഉണ്ടായിട്ടില്ല.

# 1-24 റിവോൾവിംഗ് ഫണ്ട് - ബാങ്ക് ലോൺ എടുത്തില്ല.

പഞ്ചായത്ത് നടപ്പാക്കിയ റിവോൾവിംഗ് ഫണ്ട് നൽകൽ പ്രൊജക്ടിൽ ബാങ്ക് ലോൺ എടുക്കാത്ത സ്ഥാപനത്തിന് സബ്സിഡി നൽകി. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S0054/19, കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ, ഫണ്ടിനം | 200000 രൂപ,<br>വികസന ഫണ്ട് |
| അംഗീകാരം | 2020/18/DDP/EKM/22.05.2018 |
| ചെലവ് | 160000 രൂപ, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നിർവ്വഹണത്തിന് ആധാരമായ 3.4.2017 ലെ സ ഉ ( എം എസ് ) നം 80/2017/ത സ്വ ഭ വ നം സബ്ഡിഡി മാർഗ്ഗരേഖ പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ കൂടി ഉപയോഗപ്പെടുത്തി സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ളവർക്കാണ് സബ്സിഡി നൽകേണ്ടത്. പഞ്ചായത്ത് 16 സംഘങ്ങൾക്ക് 10000 രൂപ വീതമാണ് സബ്സിഡി നൽകിയിട്ടുള്ളത്. ആയതിൽ പുലരി അയൽക്കൂട്ടം, ഐമുറി എന്ന സംഘം ബാങ്ക് ലോൺ എടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 15/29.01.2020) മറുപടി നൽകിയില്ല. സംഘത്തിന് തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ട്രഷറി സാംഗ്ഷൻ ഓർഡർ & തീയതി | 280/1.03.2019 |
| ബാങ്ക് അക്കൗണ്ട് നം | 57041578640,<br>എസ് ബി ഐ, കൂവപ്പടി |
| ഓൺലൈൻ ട്രാൻസാക്ഷൻ തീയതി | 15.03.2019 |

ചട്ടവിരുദ്ധമായി സംഘത്തിന് നൽകിയ തുക തിരികെ ഈടാക്കുകയോ സംഘം ബാങ്ക് ലോൺ ലഭ്യമാക്കി സംരംഭം ആരംഭിക്കുന്നതിന് ആവശ്യപ്പെടുകയോ ചെയ്യേണ്ടതാണ്.

# 1-25 തൊഴിലുറപ്പ് പദ്ധതി അവലോകനം

2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5008 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 9062 |
| ആക്ടീവ് ആയ ഗുണഭോക്താക്കൾ | 2693 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 109955 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 283 |
| 2018-19 വർഷത്തെ ആകെ ചെലവ് തുക | 31002447 |

ഓഡിറ്റ് വർഷത്തിൽ തയ്യാറാക്കിയതും നടപ്പാക്കിയവയുമായ പ്രവൃത്തികളുടെ ഇനം താഴെപ്പറയും പ്രകാരമാണ്.

| വിഭാഗം | തയ്യാറാക്കിയ പ്രവർത്തികൾ | എണ്ണം |
|---|---|---|
| IF | മണ്ണ് ജലസംരക്ഷണം | 49 |
| IF | കൃഷി വകുപ്പ് | 27 |
| IF | ഭവന നിർമ്മാണം | 43 |
| IF | ഡയറി-തീറ്റപ്പുല്ല് കൃഷി | 4 |
| IF | ഫാം പോണ്ട് | 4 |
| IF | കിണർ നിർമ്മാണം | 1 |
| IF | തൊഴുത്ത് നിർമ്മാണം | 1 |
| IF | കോഴിക്കൂട് നിർമ്മാണം | 2 |
| IF | മഴക്കുഴി നിർമ്മാണം | 4 |
| IF | കല്ല് കയ്യാല | 0 |
| IC | കനാൽ ക്ലീനിംഗ് | 65 |
| FR | ഫിഷ് പോണ്ട് | 9 |
| DW | കിണർ നിർമ്മാണം | 7 |
| DP | നഴ്സറി | 21 |
| RC | റോഡ് കോൺക്രീറ്റിംഗ് | 14 |
| RS | കക്കൂസ് | 0 |
| WH | കയർ ഭൂവസ്ത്രം | 8 |
| | ആകെ | 259 |

തൊഴിലുറപ്പ് പദ്ധതിയിൽ 21 നഴ്സറികൾ സ്ഥാപിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ത സ്വ ഭ വ സെക്രട്ടറി (റൂറൽ) 29.03.18ൽ പുറപ്പെടുവിച്ച ഡി എസ് 2/288/2018 / തസ്വഭവ(1) ഉത്തരവിൽ എം ജി എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ ഭാഗമായി തയ്യാറാക്കുന്ന നഴ്സറികളിലെ മരങ്ങളുടെ പരിപാലന ചുമതല എ ഡി എസുകളെ ഏല്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 31 നഴ്സറികൾക്ക് സാങ്കേതികാനുമതി

ലഭ്യമാകുകയും 21 നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നഴ്സറികളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ്, ഇവ പരിപാലിക്കുന്ന എ ഡി എസിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് 29.01.2020 ൽ നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഴ്സറികളിലെ തൈകൾ എല്ലാം 45 ദിവസം പരിപാലിക്കുന്നതിനാണ് എ ഡി എസിനെ ഏല്പിച്ചതെന്നും തൈകൾ നട്ടു കഴിഞ്ഞതിനാൽ നിലവിൽ നഴ്സറികൾ പ്രവർത്തിക്കുന്നില്ല എന്നുമാണ് അറിയിച്ചത്. നട്ട തൈകൾ പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തുന്നതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 പ്രോജക്ട് നം - 50/19-ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രോജക്ട് പരിശോധിക്കാൻ കഴിഞ്ഞില്ല

പ്രോജക്ട് നം - 50/19

അടങ്കൽ - 1275000/-
ചെലവ് – 1275000/- (ചെലവ് പത്രിക)

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 2500000/-

ജില്ലാ പഞ്ചായത്ത് വിഹിതം -330000/-

പഞ്ചായത്ത് വിഹിതം - 6950000/-

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ ക്ഷീരസഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. പ്രോജക്ട് പരിശോധിക്കാൻ കഴിയാതിരുന്നതിനാൽ ചെലവ് പത്രിക പ്രകാരം ചെലവഴിച്ചതായി കാണിച്ചിട്ടുള്ള 1275000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 വെള്ളക്കരം കുടിശ്ശിക -പഞ്ചായത്തിന് വൻ ബാധ്യത

പഞ്ചായത്ത് പരിധിയിൽ വെള്ളക്കരം ഒടുക്കേണ്ട 539 പൊതു ടാപ്പുകൾ ഉണ്ട്. ടാപ്പ് ഒന്നിന് 437.5 രൂപ നിരക്കിൽ (5250/- പ്രതിവർഷം) 235813/-രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. 5/18 ലെ ഡിമാന്റ്, 14-5-18 ലെ ബിൽ പ്രകാരം താഴെ കാണിക്കും പ്രകാരമാണ്

5/18 ലെ ഡിമാന്റ് - 235813/-

30-4-18 വരെയുള്ള കുടിശ്ശിക - 14407272/-

പിഴ 2% -283529/-

ആകെ തുക - 14926614/-

7-1-2020 ൽ ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക 26229175/- രൂപയും ആകെ ഒടുക്കേണ്ടത് 26914369/- രൂപയുമാണ്. 2017 ഏപ്രിൽ മുതലാണ് പ്രതിമാസ വാട്ടർചാർജ് ഒടുക്കവരുത്താത്തത്. പ്രതിമാസ വാട്ടർ ചാർജായ 235813/- രൂപയുടെ പിഴപ്പലിശ ഉൾപ്പെടെയുള്ള തുകയാണ് നിലവിൽ ഡിമാന്റ് ചെയ്യുന്നത്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതു വരെ പ്രതിമാസ ഡിമാന്റ് കുടിശ്ശികയാക്കുന്ന നടപടി ശരിയല്ല. തുക അടവാക്കേണ്ടതില്ല എന്ന് തീരുമാനിച്ച കമ്മറ്റി തീരുമാനവും ഹാജരാക്കിയില്ല.

ഭീമമായ തുക കുടിശ്ശിക വരാനുള്ള കാരണമെന്താണ് എന്നും ഓഡിറ്റ് എൻക്വയറി നം 1 ന് ലഭിച്ച മറുപടിയിൽ വിശദീകരിക്കാൻ കഴിഞ്ഞില്ല.

2018-19 ലെ 2014/19 പ്രോജകുട് പ്രകാരം 557728 രൂപ പ്ളാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ഈ തുക കുടിശ്ശിക കണക്കിൽ നിന്ന് ഒഴിവാക്കിയതായും കാണുന്നില്ല. മുൻ വർഷങ്ങളിലും ഇത്തരത്തിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിൽ തുക കുറവ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കുടിശ്ശിക എഴുതി തള്ളാൻ/ ഒഴിവാക്കി ലഭിക്കാൻ സർക്കാർ, വാട്ടർ അതോറിറ്റി എന്നിവരുമായി കത്തിടപാടുകൾ നടത്തേണ്ടതാണ്.

# 1-28 ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം, പേര് | 56/ 18-19, തുടർ സാക്ഷരത |
| അടങ്കൽ | പഞ്ചായത്ത് തനതു ഫണ്ട് - 50000/- |
| ചെലവ് | ചെക്ക് നം.1839336/13.03.19- തുക 43850/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി തനതു ഫണ്ടിൽ നിന്ന് 43850/-രൂപ ചെലവായിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ ചെലവുമായി ബന്ധപ്പെട്ട് ഓരോ കുട്ടികൾക്കുമായി അടച്ച ഫീസിന്റെ വിശദാംശങ്ങളും കുട്ടികൾ പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങളും എത്രയും വേഗം ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ 43850/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-29 തൊഴിൽ നികുതി-അപാകതകൾ

1) വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം റജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവും

റികൺസൈൽ ചെയ്തിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്.

2) സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതും കുടിശ്ശിക സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) പഞ്ചായത്തിൽ അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം എന്നീ ഇനങ്ങളിലുള്ള 38 കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റോറിയങ്ങൾക്കുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

4) ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും വളരെകുറച്ച് സ്ഥാപനങ്ങളിൽ നിന്നേ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളൽ ഒരു അർദ്ധവർഷം 60 ദിവസമോ അധിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര, താൽക്കാലിക, ദിവസവാതനക്കാർ എന്നീ എല്ലാ ജീവനക്കാരും തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരാണ്. 2018-19 ൽ ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷയിൽ അപേക്ഷകൻ തന്നെ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റ പേര് | ലൈസൻസ് നം. | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ന്യൂ ടെക് പ്ലൈ & ബോർസ് | 1 | 12 |
| 2 | സെന്റ് താമസ് ഇൻഡസ്ട്രീസ് | 2 | 4 |
| 3 | ചെങ്ങലാൻ ഇൻഡസ്ട്രീസ് | 7 | 6 |
| 4 | ഹൈടെക് പ്ലൈവുഡ് | 8 | 13 |
| 5 | എസ് കെ എം പ്രോഡക്ട്സ് | 13 | 4 |
| 6 | എസ് കെ എം പ്ലൈവുഡ് | 14 | 4 |
| 7 | നോവ പോളിമേർസ് | 28 | 7 |
| 8 | ക്ലാസ്സ്കടുക്കാപ്പിള്ളി വുഡ് ഇൻഡസ്ട്രീസ് | 30 | 6 |
| 9 | ഗലീലിയോ പെർഫെക്ട് പോളിമേർസ് | 36 | 5 |
| 10 | അശ്വിൻ കണ്ടെയ്നേർസ് | 37 | 4 |
| 11 | മൻജു ഇൻഡസ്ട്രീസ് | 39 | 4 |
| 12 | ടി ജെ പോളിമേർസ് | 60 | 5 |
| 13 | ക്വാളിറ്റി പ്ലാസ്റ്റിക്സ് | 67 | 7 |
| 14 | പറമ്പത്ത് ഇൻഡസ്ട്രീസ് | 69 | 7 |
| 15 | ബ്ലൂബാക്ക് ഗ്രാനൈറ്റ്സ് | 79 | 3 |

| | | | |
|---|---|---|---|
| 16 | പവർ ഗ്രൈൻഡ് ഇൻഡസ്ട്രീസ് | 80 | - |
| 17 | പെരുമ്പാവൂർ മിനറൽസ് | 92 | 2 |
| 18 | ക്രിയേറ്റീവ് പ്ലൈ ബോർഡ്സ് | 93 | 2 |
| 19 | മെട്രോ മെറ്റൽ ഇൻഡസ്ട്രീസ് | 104 | 8 |
| 20 | മോഡേൺ പ്ലാസ്റ്റിക്സ് | 106 | 5 |
| 21 | സെന്റ് മേരീസ് ഇൻഡസ്ട്രീസ് | 107 | 3 |
| 22 | റിന്റു പ്ലാസ്റ്റിക്സ് | 115 | 5 |
| 23 | കൌല അഗ്രോ ഫുഡ്സ് (പി) ലിമിറ്റഡ് | 122 | 19 |
| 24 | ഒയേസ്റ്റർ ഓട്ടോബോഡി | 123 | 10 |
| 25 | സൂപ്പർ റോക്ക്സ് പ്രോഡക്ട്സ് | 126 | - |
| 26 | വി എം വിനീർസ് & ബോർസ് | 128 | 10 |
| 27 | ഒമേഗ ഇന്നവേറ്റീവ് ഇൻഡസ്ട്രീസ് | 130 | 6 |
| 28 | അജയ പ്ലാസ്റ്റിക്സ് ഡൈ& എഞ്ചിനീയറിങ്ങ് വർക്സ് | 134 | 3 |
| 29 | കെ ആർ പാക്കേജിങ്ങ് | 135 | 3 |
| 30 | സൂര്യ പ്ലാസ്റ്റിക്സ് | 137 | 4 |
| 31 | കാവിൽ ക്വാറി | 152 | |
| 32 | കാവിൽ റോക്ക് പ്രോഡക്ട്സ് | 155 | 4 |
| 33 | മാണിക്കത്താൻ ഇൻഡസ്ട്രീസ് | 162 | 2 |
| 34 | ഹമാര പ്ലാസ്റ്റിക്സ് | 174 | 8 |
| 35 | ക്വാളിറ്റി മെറ്റൽ ക്രഷർ | 194 | 6 |
| 36 | ഡയമണ്ട് പ്ലൈവുഡ് | 235 | - |
| 37 | മേയ്ക്കാലിൽ പോലിമേർസ് | 244 | 20 |
| 38 | അമൃത ടിമ്പർ ഇൻഡസ്ട്രീസ് | 286 | 9 |
| 39 | പാറപ്പുറം ഗ്രാനൈറ്റ്സ് | 345 | 3 |
| 40 | നിയോ പോളി പാക്ക്സ് | 386 | 7 |
| 41 | ശാസ്താ ഗ്യാസ് ഏജൻസീസ് | 427 | 1 |
| 42 | നന്ദന ഗ്യാസ് ഏജൻസീസ് | 428 | 1 |
| 43 | സൂപ്പർ റോക്ക് പ്രോഡക്ട്സ് | 520 | - |
| 44 | ജെ പി പോളിമേർസ് | 528 | - |
| 45 | പ്ലാസ്റ്റ് കോൺ ഇൻഡസ്ട്രീസ് | 533 | |
| 46 | അഘോന പ്ലാസ്റ്റിക്സ് | 542 | 9 |

ലൈസൻസ് ചട്ടം 12(2) പ്രകാരം അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ കൃത്യത ഉറപ്പാക്കി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളടക്കം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5) 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, താഴെ ചേർത്ത ക്രമ നമ്പറിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം | രജിസ്റ്റർ ക്രമ നം | സ്ഥാപനം | 2018-19 അർദ്ധവർഷം |
|---|---|---|---|
| 1 | 62 | ക്ഷീരോൽപാദക സഹകരണ സംഘം | II |
| 2 | 71 | ഹണി ഇൻഡസ്ട്രീസ് | I |
| 3 | 72 | ജ്യൂട്ട് ബാഗ് ഇൻഡസ്ട്രീസ് | I |
| 4 | 73 | സാജു എൻജിനിയറിങ് വർക്സ് | I |
| 5 | 74 | പവിഴം ഓയിൽ & ഫുഡ്സ് | I |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ, കംപ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കള്ളു ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കി ഈടാക്കി അറിയിക്കേണ്ടതാണ്.

7. 2018-19 സാമ്പത്തിക വർഷം പഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാർ, പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മറ്റ് പ്രഫഷണൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(അപാകതകൾക്കുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചു)

# 1-30 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക അടവാക്കി

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് 25.01.2020 ൽ നൽകിയ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 14 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് 30.01.2020 ലെ വിവിധ രസീതുകൾ പ്രകാരം 6412/-രൂപ പിരിച്ചെടുത്തു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി.

2018-19 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുള്ള ഗ്രീൻവാലി പബ്ലിക് സ്കൂൾ, എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് തൊഴിൽ നികുതി ചട്ടം 3 പ്രകാര നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ നിരക്കിലാണ്. ഓരോ അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയായി ആകെ 11250/- രൂപ ഈടാക്കുന്നതിനു പകരം 7290/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. രണ്ട് അർദ്ധ വർഷവും കൂടി ആകെ 22500/-രൂപ ഈടാക്കുന്നതിനു ആകെ 14580/- മാത്രമാണ് ഈടാക്കിയിരിക്കുന്നത്. (റസീപ്റ്റ് നം 102843/18 തീ 2-8-18 , 7290/- രൂപ, റസീപ്റ്റ് നം 107192/19 തീ 23-2-19, 7290/- രൂപ) രണ്ട് അർദ്ധ വർഷവും കൂടി തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതിൽ ആകെ 7920/- രൂപ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് | അർദ്ധവർഷം I | | | അർദ്ധവർഷം II | | |
|---|---|---|---|---|---|---|---|
| | | വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | വരുമാനം | അടച്ച നികുതി | ഈടാക്കേണ്ട നികുതി |
| 1 | ലിബി ബാലകൃഷ്ണൻ | 90000 | 540 | 750 | 90000 | 540 | 750 |
| 2 | വിനിത അനിൽ | 90000 | 540 | 750 | 90000 | 540 | 750 |
| 3 | സ്മിത ഡേവിസ് | 60000 | 360 | 600 | 60000 | 360 | 600 |
| 4 | ഷീബ റെജി | 60000 | 360 | 600 | 60000 | 360 | 600 |
| 5 | റാണി ജിൻസൺ | 60000 | 360 | 600 | 60000 | 360 | 600 |
| 6 | ഷിൻസില എ കെ | 60000 | 360 | 600 | 60000 | 360 | 600 |
| 7 | വിദ്യാ നായർ | 60000 | 360 | 600 | 60000 | 360 | 600 |
| 8 | ഷൈജു | 60000 | 360 | 600 | 60000 | 360 | 600 |
| 9 | മായ പ്രേംലാൽ | 48000 | 300 | 450 | 48000 | 300 | 450 |
| 10 | ജിന്നി പി ഡി | 60000 | 360 | 600 | 60000 | 360 | 600 |
| 11 | ധന്യ പ്രദീപ് | 60000 | 360 | 600 | 60000 | 360 | 600 |
| 12 | രജിത കെ കെ | 48000 | 300 | 450 | 48000 | 300 | 450 |
| 13 | ദീപ്തി ദാസ് | 60000 | 360 | 600 | 60000 | 360 | 600 |
| 14 | ബിൻസി എൽദോസ് | 54000 | 330 | 450 | 54000 | 330 | 450 |
| 15 | സിനി എം ബി | 54000 | 330 | 450 | 54000 | 330 | 450 |
| 16 | ജയ ഷിജി | 48000 | 300 | 450 | 48000 | 300 | 450 |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | നിഷ ജോഷി | 54000 | 330 | 450 | 54000 | 330 | 450 |
| 18 | പ്രീത പ്രഭാകരൻ | 36000 | 210 | 300 | 36000 | 210 | 300 |
| 19 | ജീത്തു ലിജോ | 54000 | 330 | 450 | 54000 | 330 | 450 |
| 20 | ബിന്ദു എബ്രഹാം | 30000 | 180 | 300 | 30000 | 180 | 300 |
| 21 | മേരി ചാക്കോ | 30000 | 180 | 300 | 30000 | 180 | 300 |
| 22 | ലിസി വർഗീസ് | 30000 | 180 | 300 | 30000 | 180 | 300 |
| | ആകെ | | 7290 | 11250 | | 7290 | 11250 |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ തുകയായ 7920/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 നെൽകൃഷിക്ക് കൂലിച്ചെലവ് -തുക അധികം ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S018/19 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലിച്ചെലവ് |
| അടങ്കൽ | 1524040/-( 524040/-വികസന ഫണ്ട്-സാധാ, 5,00,000/-ബ്ലോക്ക് വിഹിതം, 5,00,000/- മറ്റുള്ളവ) |
| ചെലവ് | 1524440/- |
| ബിൽ നം./ ചെക്ക് നമ്പർ | 4/18-19തീയതി 28.11.18<br>തുക 301840/-<br>19/18-19തീയതി 13.03.19<br>തുക 222600/-<br>1655479തീയതി 11.02.19<br>തുക 500000/- |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതിയുടെ ആകെ അടങ്കൽ 1524040/- രൂപയാണ്. എന്നാൽ. 524040/- രൂപയാണ് പ്ലാൻ ഫണ്ട് വകയിരുത്തിയിരുന്നതെങ്കിലും 524440/-രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയിരുന്നതിനേക്കാൾ 400/- രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.01.2020 ലെ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കൂലിച്ചെലവിനുള്ള 524440/- രൂപയുടെ റിക്വിസിഷൻ സമർപ്പിച്ചതിനുശേഷം പദ്ധതി ഭേദഗതി ചെയ്ത് വന്നപ്പോൾ തുക 524040/-രൂപയായാണ് വന്നതെന്നും ഇതിനകം റിക്വിസിഷൻ പ്രകാരമുള്ള തുക പാസായി വരികയും ചെയ്തുവെന്ന് കൃഷി ഓഫീസർ വിശദീകരിച്ചിട്ടുണ്ട്. പദ്ധതി ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങിയപ്പോൾ വന്ന അശ്രദ്ധയാണ് ഈ അപാകതയ്ക്ക് കാരണം എന്ന് കാണുന്നു. വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാൻ അനുമതിയില്ലാത്തതിനാൽ അധികം ചെലവ് വന്ന തുക 400/-രൂപ നിർവഹണോദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 സാന്ത്വനപരിചരണം - ബന്ധുസംഗമം- തുക അധികം ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S02/19 |
| പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 1040540/-(8,70000/-വികസന ഫണ്ട്-സാധാ, 170540/- തനത് ഫണ്ട്) |
| ചെലവ് | 1029174/- |
| ബിൽ നം./ചെക്ക് നം. | 1/18-19 തീയതി 06.07.18 തുക 100667/-<br>2/18-19 തീയതി 23.08.18 തുക 10054/-<br>4/18-19 തീയതി 15.11.18 തുക 99819/-<br>5/18-19 തീയതി 20.12.18 തുക 98996/-<br>6/18-19 തീയതി 26.02.19 തുക 470464/-<br>7/18-19 തീയതി 20.03.19 തുക 90000/-<br>1734221 തീയതി 21.02.19 തുക 45238/-<br>0398825 തീയതി 30.03.19 തുക 113936/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

സർക്കാർ ഉത്തരവ് നം. 3217/2015/ത.സ്വ.ഭ.വ. തിയതി 29.10.2015 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക നം.2.6.13 പ്രകാരം രോഗികളുടേയും കുടുംബങ്ങളുടേയും വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണെന്നും നടത്തപ്പെടുന്ന പരിപാടികൾക്ക് ഭക്ഷണ ചെലവിലേക്കായി ആൾ ഒന്നിന് പരമാവധി 60/- രൂപ വീതവും സംഗമത്തിന്റെ മറ്റ് ചെലവുകൾക്കായി പരമാവധി 3000/- രൂപയും ചെലവഴിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടുതൽ തുക വേണ്ടി വരികയാണങ്കിൽ ആയത് സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മേൽ പദ്ധതിയിൽ ഭക്ഷണചെലവ് കൂടാതെ വിവിധയിനങ്ങളിലായി 6560/-രൂപ ചെലവ് വന്നതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 3560/-രൂപ അധികം

ചെലവഴിച്ചിട്ടുണ്ട്. ബാനർ തയ്യാറാക്കായതിന് 540/- രൂപയുടെ ഗ്ലോറിയ പ്രിന്റിംഗ്സ് &അഡ്വർട്ടൈസിംഗ്, കുവപ്പടി എന്ന സ്ഥാപനത്തിന്റെ ഒരേ ബില്ലിന്റെ തന്നെ (നം.60) പകർപ്പിൽ തീയതി മാത്രം തിരുത്തി രണ്ട് പ്രാവശ്യം തുക പിൻവലിച്ചിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 29.01.2020 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മാർഗ്ഗരേഖയെക്കുറിച്ചുള്ള അറിവില്ലായ്മമൂലം ആണെന്നാണ് വിശദീകരിച്ചത്. ഒരേ ബില്ലിന്റെ പകർപ്പ് ഉപയോഗിച്ചത് ശ്രദ്ധക്കുറവ് മൂലം സംഭവിച്ചതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക 3560/-രൂപ നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 & 23.07.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(70)/2019 തീയതി 19.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 500000 | 18/19 നെൽകൃഷി കൂലിചെലവ് സബ്സിഡി | 50000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 100000 | 145/19 സ്ട്രീറ്റ് ലൈറ്റ് -ലൈൻ എക്സ്റ്റൻഷൻ | 100000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 240000 | 44/19 ലൈഫ് ഭവന പദ്ധതി (എസ് സി പി) | 240000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 1200000 | 41/19 ലൈഫ് | 1200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഭവന പദ്ധതി ജനറൽ | | |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 250000 | 50/19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 450000 | 26/19 ഭിന്നശേഷി ക്കാരായ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 450000 | 00 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 18-19 | 1200000 | SLWM | 00 | 1200000 |
| 8 | ജില്ലാ പഞ്ചായത്ത് | 18-19 | 330000 | 50/19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 330000 | 00 |
| 9 | ജില്ലാ പഞ്ചായത്ത് | 18-19 | 450000 | 26/19 ഭിന്നശേഷി ക്കാരായ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 450000 | |
| 10 | ജില്ലാ പഞ്ചായത്ത് | 18-19 | 1400000 | 41/19 ലൈഫ് ഭവന പദ്ധതി ജനറൽ | 1400000 | 00 |
| 11 | ജില്ലാ പഞ്ചായത്ത് | 18-19 | 1200000 | 44/19 ലൈഫ് ഭവന പദ്ധതി എസ്.സി | 820000 | 00 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻക്കൂർ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 63/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 41800684/ 31.03.2019 | 897060 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 00 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 145/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 41800686/ 41800687/ 41800688 31.03.19 | 194676 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 00 |
| കേരളാ വാട്ടർ അതോറിട്ടി | 185/19 പൈപ്പ് ലൈൻ നീട്ടൽ | 21801264 02.03.19 | 481802 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |
| കേരളാ വാട്ടർ അതോറിട്ടി | 141/19 പൈപ്പ് ലൈൻ നീട്ടൽ | 21801096 31.03.2019 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 663040 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 56358 |
| ആകെ | 719398 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 719398 |

**(2018-19)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ചേരാനല്ലൂർ സർവീസ് സഹകരണ ബാങ്ക് | 719398 | രസീതിൽ നിന്ന് വ്യക്തമല്ല |
| ആകെ | 719398 | |

# 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ 3324069/- രൂപയുടെ വരവുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായി | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | രുന്ന തുക | | | യുള്ള തുക |
|---|---|---|---|---|---|---|---|
| 3 | കെ.യു.ആർ.ഡി .എഫ്.സി.ലോൺ | സ.ഉ.(എം.എസ്) നം 68/2018/ തസ്വഭവ തീയതി 18.05.18 | 3324069 | 00 | - | - | 3324069 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ വരവില്ല. 13348/-രൂപ ഓഡിറ്റ് റിക്കവറി ശീർഷകത്തിൽ വരവ് വച്ചിട്ടുണ്ടെങ്കിലും ഈ തുക യഥാർത്ഥത്തിൽ Prior period items മാത്രമാണ്. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകയല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് ഇനത്തിൽ അടവില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 90498442 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75167896 |
| വരവിനങ്ങളിലുള്ള നഷ്ടം | 7920 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5608153 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 7920 | | കെ കെ റജികുമാർ<br>സെക്രട്ടറി |
| 3-1 | | 400 | ജയ മരിയ ജോസഫ്<br>കൃഷി ഓഫീസർ |
| 3-2 | | 3560 | ഡോ.വിക്ടർ ഫെർണാണ്ടസ്, |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി |
| | 7920 | 3960 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 4289303 | കെ കെ റജികുമാർ,<br>സെക്രട്ടറി |
| 1-26 | 1275000 | സഫീറ എം.എ., ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-28 | 43850 | ബീന വർഗീസ്,<br>ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ പി എസ്, കുവപ്പടി |
| ആകെ | 5608153 | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| കെ കെ റെജികുമാർ സെക്രട്ടറി | എ ഡി പി,<br>വയനാട് ജില്ല | കഴിവിലാൻകുടി,<br>ഇരിങ്ങോൾ പി ഒ |
| ജയ മരിയ ജോസഫ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കുവപ്പടി | മുടേരിപ്പടി ഹൌസ്,<br>തേക്കാനത്ത്,<br>തോട്ടുവ,<br>കുവപ്പടി പി ഒ |
| ഡോ.വിക്ടർ ഫെർണാണ്ടസ്,<br>മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ,<br>എഫ് എച്ച് സി,<br>കോടനാട് | അബാദ് ചാൻസലർ,<br>ഫ്ലാറ്റ് നം.3എ,<br>തൃക്കാക്കര<br>682021 |
| ബീന വർഗീസ്,<br>ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ പി എസ്, കുവപ്പടി | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ പി എസ്, വെങ്ങോല | പുളിക്കൽ,<br>രായമംഗലം പി ഒ<br>രായമംഗലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ.-ഇകെഎം(പി2)696(i)/18 തീ. 11.07.19 |
| 1996-97 | എൽ എഫ് ഇ (പി2)98/2000 തീ. 09.02.01 |
| 1997-98 | എൽ എഫ് ഇ (പി2)228/00,തീ.22-9-00 |
| 1998-99 | എൽഎഫ് ഇ (പി2)984/01,തീ. 30-3-12 |
| 1999-00 | എൽ എഫ്ഇ(പി2)1338/05 തീ. 01.12.2006 |
| 2000-01 | കെ.എസ്.എ.-ഇകെഎം(പി2)696/ii/2018 തീ. 11.07.19 |
| 2002-03 | എൽഎഫ്ഇ(പി2)1116/06,തീ.11.07.2008 |
| 2003-04 | കെ.എസ്.എ.-ഇകെഎം(പി2)696(iii)/18 തീ.11.07.19 |
| 2004-05 | കെ.എസ്.എ.-ഇകെഎം(പി2)696(iv)/18 തീ.11.07.19 |
| 2005-06 | എൽ എഫ് ഇ (പി2)2247/11,തീ. 04.05.12<br>തീ. 14-10-11 |
| 2007-08 | എൽ എഫ് ഇ (പി2)2247/11 തീ. 04.05.2012 |
| 2008-09, 2009-10, 2010-11 | കെ.എസ്.എ.-ഇകെഎം(പി2)696(vi)/18 തീ.11.07.19 |
| 2011-12, 2012-13 | എൽ എഫ് ഇ (പി2)393/2015<br>തീ. 03.07.15 |
| 2013-14, 2014-15 | കെ.എസ്.എ ഇ.കെ.എം (പി2)769/16 തീയതി 26.08.16 |
| 2015-16 | കെ.എസ്.എ ഇ.കെ.എം (പി2)1127/2017 തീയതി 14.08.18 |
| 2016-17 | കെ.എസ്.എ ഇ.കെ.എം (പി2)2265/18 തീയതി 18.05.19 |
| 2017-18 | കെ.എസ്.എ ഇ.കെ.എം (പി2)149/19 തീയതി 15.07.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കൂവപ്പടി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റും സാംഖ്യ പ്രകാരമുള്ള ഡിമാന്റും വ്യത്യാസമുണ്ട്. I-18

ഷെഡ്യൂൾ പ്രകാരം 125003/- രൂപ വസ്തു നികുതിയിനത്തിൽ write off ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾ സാംഖ്യ പ്രകാരമുള്ള വരവ് തന്നെ ഡിമാന്റായി കണക്കാക്കിയിരിക്കുന്നതിനാൽ 100% കളക്ഷൻ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൈസൻസ് സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3. വാർഷിക ധനകാര്യ പത്രികയിലെ B-4 പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 3898444/-(District Panchayat & Block Panchayat share) രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജോയിന്റ് വെഞ്ചർ ടിഎസ്ബി അക്കൗണ്ടിൽ 2167500/- രൂപയാണ് നീക്കിയിരിപ്പുള്ളത്. ജോയിന്റ് വെഞ്ചർ ഇനത്തിലെ തുക വിവിധ അക്കൌണ്ടുകളിലായി സൂക്ഷിച്ചിരിക്കുന്നു.

4. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി, ആസ്തിമൂല്യം പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure - 1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Koovappady** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Koovappady Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Defects Identified on Verification of Annual Financial Statement for the year 2018-19

1. The accounts of property tax in the AFS, differs with the SANCHAYA accounts. Details of Rs. 125003/- written off as property tax in I-18 schedule has not produced for verification.

2. As traders list is not maintained the demand for licence fee cannot be ascertained.

3. In B-4 Schedule of annual financial statement the amount in joint venture account is recorded as Rs. 3898444/- (district panchayath and block panchayath share), The closing balance of Joint Venture TSB Account is Rs. 2167500/-. The amount received for joint venture projects are kept in various other accounts.

4. The asset value of all assets not calculated and included in AFS.

DEPUTY DIRECTOR